പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.274 26.09.2016 ൽ മറുപടിയ്ക്ക്

കുട്ടനാട്ടിലെ നെല്ല് സംഭരണം

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ നെല്ല് സംഭരണ ത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നതിനായി കർഷകർ സപ്ലൈകോയുടെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2016-17 സീസണിലെ ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 1 ന് ആരംഭിച്ചു. നാളിതുവരെ 9125 കർഷകർ 2016-17 സീസണിലേക്കായി രജിസ്റ്റർ ചെയ്തു. 2016-17 സീസണിന്റെ സംഭരണ കാലയളവ് 2016 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെയാണ്. സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകാർ മുഖേനയാണ് കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. |
| (ബി) | നെല്ല് സംഭരണ സമയത്ത് തന്നെ പി.ആർ.എസ് നൽകി ഒരാഴ്ചയ്ക്കകം സംഭരണ വില കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2016-17 സീസണിൽ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില (Minimum Support Price – MSP) ആഴ്ചതോറും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നല്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് വാഹനം അല്ലെങ്കിൽ വള്ളത്തിലേക്ക് കയറ്റുമ്പോൾ ഒരു കിന്റലിന് ഏറ്റവും കുറഞ്ഞത് 150 രൂപ കർഷകരും 12 രൂപ സർക്കാരും ഹാന്റിലിംഗ് ചാർജായി (കൈകാര്യ ചെലവ്) നൽകിവരുന്നതിനാൽ കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി ഹാന്റിലിംഗ് ചാർജ്ജായി സർക്കാർ നൽകുന്ന വിഹിതം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഹാൻഡ് ലിംഗ് ചാർജ്ജ് (കൈകാര്യ ചെലവ്) ആയി സർക്കാർ നൽകുന്ന വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ